

ഫോട്ടോ കടപ്പാട്: സലീം പുഷ്പനാഥ്

# മൂന്നാർ ഇനിയെന്ത്?

എം.പി. സംയുക്ത

**ആവേശവും പ്രതീക്ഷയും കുറഞ്ഞ് മൂന്നാർ നടപടി അനിശ്ചിതത്വത്തിലാണ്. ജനാധിപത്യവും നീതിയും സുതാര്യതയും പുന:പരിശോധിക്കേണ്ട വെല്ലുവിളികൾ മൂന്നാർ ഉയർത്തി. സംഘടിത രാഷ്ട്രീയ പാർട്ടികളുടെയും ഭരണകൂടത്തിന്റേയും ജനവിരുദ്ധ നിക്ഷിപ്ത താല്പര്യങ്ങൾ പുറത്തായി. ടാറ്റ പോലെയുള്ള വൻകുത്തകകളുടെ അവകാശ സംരക്ഷകരായി പാവങ്ങളുടെ പാർട്ടികളും രംഗത്തെത്തി. പരിസ്ഥിതി, പ്രകൃതി സംരക്ഷണം തുടങ്ങിയവ പിന്നാമ്പുറത്തേയ്ക്ക് പോയി. ആദിവാസികൾ, ദരിദ്രർ, പട്ടികജാതിക്കാർ, പിന്നോക്കക്കാർ ഇവരുടെ ഭൂമിയില്ലായ്മ മുഖ്യപ്രശ്നമായി ജനം കരുതാതായി. രാഷ്ട്രീയ മാഫിയയും ഉദ്യോഗസ്ഥ മാഫിയയും സാധാരണ ജനങ്ങളുടെ താല്പര്യങ്ങളേക്കാൾ പ്രധാനപ്പെട്ടതായി തിരിച്ചറിയപ്പെട്ടു. ഇനിയെന്ത്?**

കേരളസമൂഹത്തിന്റെ പൊതുചർച്ചയിലേക്ക് ഭൂമിയെയും ഭൂമിയുടെ വിപണി മൂല്യത്തേയും സജീവമാക്കിക്കൊണ്ടുവരുന്നതിൽ സർക്കാരിന്റെ സ്വയം പരാജയപ്പെടുത്തപ്പെട്ട മൂന്നാർ ഓപ്പറേഷൻ വിജയിച്ചിട്ടുണ്ട്. പൊതുസ്ഥലം-സ്വകാര്യ ഉടമസ്ഥത എന്നീ രണ്ട് പദങ്ങളുടെ സങ്കീർണ്ണമായ വ്യാഖ്യാനസാധ്യതകളിലേക്കൊന്നും കടക്കാതെ ക്ലിഷ്ടമായ ചില തീർപ്പുകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഉടമസ്ഥതയും അതിലേക്കുള്ള സ്വകാര്യകയ്യേറ്റങ്ങളും ബലം പ്രയോഗിച്ച് ഒഴിപ്പിച്ചെടുക്കുക എന്ന ഏക അജണ്ടയാണ് മൂന്നാറിലും അതിനോടനുബന്ധിച്ച് കേരളത്തിലുടനീളം നടന്ന തുടർചലനങ്ങളിലും സംഭവിച്ചത്. വൻകിട കയ്യേറ്റങ്ങളും സർക്കാർ ഭൂമിയിലേക്കുള്ള ചെറുകിട കയ്യേറ്റങ്ങളും ഒഴിപ്പിക്കുക വഴി ലാന്റ് ബാങ്കിലേക്ക് മുതൽക്കൂട്ടപ്പെട്ട നൂറുകണക്കിന് ഏക്കർ ഭൂമി ഇപ്പോൾ പുതിയ പദ്ധതികൾക്കായി കാത്തിരിക്കുന്നു. ഭൂമിയുടെ യഥാർത്ഥ അവകാശി ആര് എന്ന തരത്തിൽ പൊതുവായി ഉന്നയിക്കപ്പെടുന്ന ചോദ്യങ്ങൾക്കൊന്നും ഇവിടെ പ്രസക്തിയില്ല. ജനങ്ങൾ തെരഞ്ഞെടുത്ത സർക്കാർ ജനങ്ങൾക്കുവേണ്ടി ജനങ്ങളുടെ ഭൂമി ഏറ്റെടുക്കുന്നു എന്ന തരത്തിൽ ലളിതമായി വ്യാഖ്യാനിക്കേണ്ട ഒരു സാധാരണ സർക്കാർ നടപടി മാത്രമാണിത്. എന്നിട്ടും മൂന്നാർ മോഡൽ ഒഴിപ്പിക്കലുകൾ/ഇടിച്ചുനിരത്തലുകൾ ഒരു പൊതുമുന്നേറ്റത്തിന്റെ സ്വഭാവമാണ് പ്രദർശിപ്പിച്ചത്. ഇതൊരു മഹാപ്രസ്ഥാനത്തിന്റെ തുടക്കമാണെന്ന് മുഖ്യമന്ത്രിയുടെ പ്രസ്താവന കൂടി കണക്കിലെടുക്കുമ്പോൾ ഒഴിപ്പിക്കൽ നടപടികൾക്കുപിന്നിലുള്ള മാനസികാവസ്ഥ ബോധ്യപ്പെടുക കൂടി ചെയ്യുന്നുണ്ട്.

സർക്കാരിലേയും ഭരണമുന്നണിയിലേയും ചെറിയ ചെറിയ ഭൂകമ്പങ്ങളും കയ്യേറ്റങ്ങളുമൊന്നും പൊതുജനങ്ങളെ ബാധിക്കേണ്ടതില്ല. ഇവിടെ പ്രശ്നം പൊതുമുതൽ ആണ്. ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത് പൊതുമുതലിൽ കയ്യേറ്റം നടത്തിയ പൗരന്മാരിൽ നിന്നും മുതൽ ഒഴിപ്പിച്ച് സർക്കാരിലേക്ക് കണ്ടുകെട്ടുക എന്നതാണ്. എന്നാൽ അതുപോലെത്തന്നെ പ്രധാനമാണ് ഒഴിപ്പിച്ചെടുക്കുന്ന സർക്കാർ ഭൂമി എങ്ങനെ വിനിയോഗിക്കപ്പെടുന്നു എന്നത്. ഈ ഘട്ടത്തിലാണ് സർക്കാർ നടപടി പ്രതീകാത്മകമല്ലാതാവുന്നത്. ഇവിടെയാണ് സർക്കാരിന്റെ ഭൂവിനിയോഗപദ്ധതികൾ പ്രശ്നവൽക്കരിക്കപ്പെടുന്നതും.

ഒഴിപ്പിക്കൽ സംഭവിക്കുന്നത് ഭരണമുന്നണി മുൻകൂട്ടി പ്രഖ്യാപിച്ചിട്ടുള്ള നയപരിപാടി പ്രകാരമാണെങ്കിലും അത് സംഭവിക്കുന്നത് പുതുമൂലധനം- വിദേശമടക്കം- ക്ഷണിച്ചുവരുത്തുകയും സ്വകാര്യമൂലധനം പ്രോത്സാഹിപ്പിക്കുകയും അതിനുള്ള ഫെസിലിറ്റേറ്റർ മാത്രമായി സർക്കാർ സംവിധാനങ്ങൾ നിന്നുകൊടുക്കുകയും ചെയ്യുന്ന മാറിയ പൊതുമേ

ഖലാ നിർവ്വചനങ്ങൾക്കകത്താണ്. കേരളത്തിന്റെ വികസനസാധ്യതകളെ തകിടം മറിക്കുന്നതിൽ പ്രധാന പങ്ക് ഭൂമിയുടെ ലഭ്യതയിലുള്ള അപര്യാപ്തതയാണെന്ന് സ്മാർട് സിറ്റി മുതൽ ഫാഷൻ സിറ്റി വരെയുള്ള മോഹപദ്ധതികളുടെ ചർച്ചാവേളകളിൽ പലപ്പോഴായി ഉയർന്നുവന്നിട്ടുള്ളതാണ്.

ഇവിടെ ഓർമ്മിപ്പിക്കപ്പെടുന്ന ഒരു വൈരുദ്ധ്യം ഇതാണ്: സർക്കാർ ഭൂമി ഒഴിപ്പിച്ചെടുക്കുന്നതിന് ഭരണ-പ്രതിപക്ഷ-സ്വാകാര്യ മുലധന ശക്തികളിൽ നിന്ന് നേരിടുന്ന ശക്തമായ എതിർപ്പ് ചെറുകിട സ്വകാര്യ ഭൂമികൾ വികസനത്തിന്റെ പേരിൽ നിർദ്ദാക്ഷിണ്യം ഒഴിപ്പിക്കുന്ന ഘട്ടങ്ങളിൽ ഉയർന്നുവന്നിട്ടേ ഇല്ല എന്നതാണ്. നെടുമ്പാശ്ശേരി വിമാനത്താവളത്തിന് വേണ്ടി കിടപ്പാടവും കൃഷി ഭൂമിയും ഒഴിപ്പിക്കപ്പെടുമ്പോൾ അവർക്കുവേണ്ടി സഹതപിക്കാൻ ഇവിടെ ആരുമുണ്ടായില്ല. **നെടുമ്പാശ്ശേരി കേരളത്തിൽ ഏറ്റവും മാതൃകാപരമായി പുനരധിവാസം നടന്നു എന്ന് അവകാശപ്പെടുന്ന വികസന ഉദ്യമം കൂടിയാണ് എന്നുകൂടി ഓർമ്മിക്കുക. എന്നാൽ സാധാരണ കർഷകരേയും ദളിതുകൾ ഭൂരിപക്ഷം വരുന്ന കർഷകത്തൊഴിലാളികളേയും അവരുടെ ജീവനോപാധികളിൽ നിന്നും ഭൂമിയിൽ നിന്നും കുടിയിറക്കിക്കൊണ്ട് മുതൽക്കൂട്ടിയ ഭൂമി ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്നത് വൻകിട സ്വകാര്യ കുത്തകകളും മനോരമ അടക്കമുള്ള മാധ്യമക്കുത്തകളുമാണ്.** നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ നിന്നുള്ള നെടുങ്കൻ പാതയിൽ നിങ്ങൾക്ക് കാണാനാവുക വലിയ ഹോട്ടൽ സമുച്ഛയങ്ങളോട് ചേർന്നു നിൽക്കുന്ന മനോരമയുടെ നക്ഷത്ര ഗസ്റ്റ് ഹൗസുമാണ്. (നെടുമ്പാശ്ശേരി വിമാനത്താവളത്തിന് വേണ്ടി വർഷങ്ങളോളം ഉച്ചൈസ്തരം വാദിച്ചതിനുപിന്നിലുള്ള ചേതോവികാരം മനസ്സിലാക്കാവുന്നതേയുള്ളു.) എയർപോർട്ട് റോഡിന് ഇരുവശത്തും വിശാലമായി തരിശുകിടക്കുന്ന ഭൂമിയിൽ വൻകിട ഹോട്ടൽ ശൃംഖലകളും സ്വകാര്യ ടൗൺഷിപ്പുകളും ഉയർന്നുവരുന്നത് നോക്കി നെടുമ്പാശ്ശേരിയിലെ 'നേറ്റീവ്സ്' നെടുവീർപ്പിടുന്നു.

വികസന പ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്നതിലെ സാമൂഹ്യപ്രശ്നങ്ങളിൽ ഗവൺമെന്റ് നിലപാടെടുക്കാതെ മാറിനിൽക്കുന്ന പ്രവണത നന്ദിഗ്രാമിന് ശേഷം സംഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്. സ്വകാര്യസംരഭകർക്ക് നേരിട്ട് ഭൂമി കർഷകരിൽനിന്നോ ചെറുകിട ഭൂവുടമകളിൽ നിന്നോ വാങ്ങാം എന്ന തീരുമാനം അതാണ് കാണിക്കുന്നത്. ഭൂമി ഏറ്റെടുത്തു നൽകുകയെന്ന ബാധ്യതയിൽ നിന്നും സർക്കാർ പിൻവാങ്ങുകയും സ്വകാര്യസംരഭകർക്ക് അതിന് അനുമതി നൽകുകയും വഴി നീതിരഹിതമായ ഒരു വിലപേശലിന് ജനസാമാന്യത്തെ വിട്ടുകൊടുക്കുക കൂടിയാണ് ചെയ്യുന്നത്. ഇത്തരത്തിൽ സ്വകാര്യ



ഫോട്ടോ കടപ്പാട് : സലീം പുഷ്പനാഥ്

മുൻകൈയിലുള്ള ഭൂമി ഏറ്റെടുക്കലുകളെ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള സാമൂഹിക പ്രതിരോധങ്ങളും ഉയർന്നുവരുന്നില്ല. കാരണം ഇവിടെ കർഷകരേയും സാധാരണ ഭൂവുടമകളേയും ഒറ്റയ്ക്കൊറ്റയ്ക്ക് നേരിടുന്നതിനുള്ള അവസരമാണ് മൂലധനശക്തികൾക്ക് ലഭിക്കുന്നത്. കൊച്ചിയിലും പരിസരപ്രദേശങ്ങളിലും ഭൂമി വാങ്ങിക്കൂട്ടുന്ന റിയൽ എസ്റ്റേറ്റ് മാഫിയ മുന്നേറുന്നത് ഈ വഴിക്കാണ്. ഭൂവുടമകളെ പല വൻ വില പറഞ്ഞ് മോഹിപ്പിക്കുകയാണ് ആദ്യപടി. വരാനിരിക്കുന്ന റിയൽ എസ്റ്റേറ്റ് ബൂമിന്റെ ഒരംശം മാത്രമാണ് ഇപ്പോൾ തങ്ങളുടെ ഭൂമിക്ക് ലഭിക്കുന്ന വൻവില എന്ന് ഊഹിക്കുന്ന ചിലരെങ്കിലും തൽക്കാലം വിൽപനയ്ക്ക് തയ്യാറാവുന്നില്ല. എന്നാൽ ചുറ്റുമുള്ളവർ വലിയ വിലയ്ക്ക് ഭൂമിയും കിടപ്പാടവും വിറ്റ് ഭൂമിയിൽ നിന്ന് ലഭിക്കുന്ന മിച്ചമൂല്യം മൂലധനമാക്കി കുറെക്കൂടി വിലകുറഞ്ഞ ഉൾപ്രദേശങ്ങളിലേക്ക് പിൻവലിയുന്നു. ചുറ്റും വ്യാപകമായ വിൽപനയും സ്വയം കുടിയൊഴിഞ്ഞുപോവലും സംഭവിക്കുമ്പോൾ സാമൂഹികമായി ഒറ്റപ്പെടുന്ന കുടുംബങ്ങൾ ഒടുവിൽ റിയൽ എസ്റ്റേറ്റ് മാഫിയ പറഞ്ഞവിലയ്ക്ക് ഭൂമി വിറ്റ് കുടിയൊഴിഞ്ഞുപോവാൻ നിർബന്ധിതരാവുന്നു. യഥാർത്ഥത്തിൽ ഭൂമി വാങ്ങിയതാരാണെന്ന് പോലും കണ്ടുപിടിക്കാനാവാത്ത വിധം അതിസങ്കീർണ്ണമായ ബ്രോക്കർ-ബിനാമി ശൃംഖല ഓരോ ഭൂമികൈമാറ്റത്തിനും പിന്നിലുണ്ടാവും. വലിയൊരു പ്രദേശം ഒറ്റയടിക്ക് ഒഴിപ്പിച്ചെടുക്കുന്നതിന് പകരം ഘട്ടം ഘട്ടമായി സ്ഥലംവാങ്ങുകയും പിന്നീട് അത് ഒന്നിച്ചുചേർക്കുകയും ചെയ്യുന്ന ലളിതമായ തന്ത്രം പല ഭൂമി കൈമാറ്റങ്ങൾക്ക് പിന്നിലും പ്രവർത്തിക്കുന്നുണ്ട്. ഇത്തരത്തിൽ കുടിയൊഴിപ്പിക്കപ്പെടുന്നവർ സാമൂഹ്യബന്ധങ്ങൾ അറ്റ് സ്വന്തം ഭൂമി നഷ്ടപ്പെട്ട് പലയിടങ്ങളിലായി ചിതറിപ്പോവുന്നു. ഇവർക്ക് പരാതിപ്പെടാൻ ആരുമില്ല, കാരണം സ്വയം കുടിയൊഴിഞ്ഞുപോയവരാണവർ. ഗവൺമെന്റ് സ്പോൺസേഡ് കുടിയിറക്കിൽ സംഭവിക്കുന്ന തരം നിർബന്ധിത കുടിയിറക്കല്ല ഇവിടെ സംഭ

വിക്കുന്നത് എന്ന് പറയാമെങ്കിലും ഇവിടെ മൂലധനശക്തികളുടെ മോഹക്കെണിയിൽപ്പെട്ടുപോവുകയാണ്. ഏതുതരത്തിലാണ് വിലപേശൽ നടത്തുന്നത്, ആർക്കൊക്കെ നീതി ലഭിച്ചു, തുടങ്ങിയ പ്രശ്നങ്ങളൊന്നും ഉന്നയിക്കപ്പെടുന്നില്ല. പുനരധിവാസത്തിന്റെ റിസ്കില്ല. സ്വയം പുനരധിവാസം കണ്ടെത്തുന്നതിനുള്ള ബാധ്യത സ്വയം കുടിയൊഴിഞ്ഞുപോവുന്നവർക്കുമാത്രമാണ്. ചിതറിപ്പോവുന്ന ഈ ജനതയുടെ ഉത്തരവാദിത്വം സർക്കാർ ഏറ്റെടുക്കേണ്ടതില്ല!

## ലാന്റ് ബാങ്കും പാവങ്ങളും

മൂന്നാർ ഒഴിപ്പിക്കലിന് ശേഷമുള്ള ഭൂമി ലാന്റ് ബാങ്കിൽ നിക്ഷിപ്തമാക്കുകയാണ് സർക്കാർ ചെയ്യുന്നത്. സർക്കാർ ഭൂമി എന്തുചെയ്യണം എന്ന് മാറിമാറിവരുന്ന സർക്കാരുകൾ നിശ്ചയിക്കും. ഇപ്പോൾ ഒഴിപ്പിച്ചെടുത്ത ഭൂമി, ടാറ്റ കൈവശം വെച്ചിരിക്കുന്ന അമ്പതിനായിരം ഏക്കർ തുടങ്ങി സർക്കാരിലേക്ക് വന്നുചേരാൻ പോകുന്നത് വലിയൊരു ഭൂഭാഗം തന്നെയാണ്. ഈ ഭൂമി എങ്ങനെ വിനിയോഗിക്കപ്പെടും എന്നതിനെ സംബന്ധിച്ച് സുതാര്യത പ്രകടമല്ല എന്നതാണ് ആശങ്കപ്പെടുത്തുന്ന കാര്യം. മൂന്നാറിലെ സർക്കാർ ഭൂമി പാവങ്ങൾക്ക് വിതരണം ചെയ്യുമെന്ന ഒരു ഒഴുക്കൻ മട്ടിലുള്ള പ്രസ്താവന കേട്ട് സർക്കാരിന്റെ പാവങ്ങളോടുള്ള പ്രതിബദ്ധതയിൽ മനംനിറഞ്ഞിരിക്കുകയാണ് നമ്മൾ. എന്നാൽ പാവങ്ങൾക്ക് വിതരണം ചെയ്യുന്നതു സംബന്ധിച്ച് എന്തെങ്കിലും തീരുമാനമാവുന്നതിന് മുമ്പ് തന്നെ മൂന്നാറിൽ വർദ്ധിത ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മാസ്റ്റർപ്ലാൻ സമർപ്പിക്കുന്നതിന് ടൂറിസം പ്ലാനേഴ്സിനെ ക്ഷണിച്ചുകൊണ്ട് സർക്കാർ ദേശീയ ദിനപത്രങ്ങളിലടക്കം പരസ്യം ചെയ്തുകഴിഞ്ഞു. സർക്കാർ എന്താണ് യഥാർത്ഥത്തിൽ ചെയ്യാൻ പോകുന്നതെന്നതിനെക്കുറിച്ചുള്ള വ്യക്തമായ സൂചന ഇത് നൽകുന്നുണ്ട്. പാവങ്ങൾക്കും ഭൂമി ലഭിച്ചേക്കാം. അതെങ്ങനെയായിരിക്കും എന്ന് അറിയണമെങ്കിൽ മുൻ സർക്കാർ മറയൂരിൽ ആദിവാസികൾക്ക് വീടുവെച്ചുനൽകിയ സ്ഥലങ്ങൾ നേരിട്ടു കണ്ടാൽ മാത്രം മതി. കൃഷിയോഗ്യമല്ലാത്ത വരണ്ട പാറപ്പുറങ്ങൾ വീതിച്ചുനൽകിക്കൊണ്ടാണ് സർക്കാർ വാക്കുപാലിച്ചത്. മൂന്നാറിൽ വ്യത്യസ്തമായി എന്തെങ്കിലും സംഭവിക്കാൻ കാരണം കാണുന്നില്ല.

ഐടിയും ടൂറിസവും വിദേശ നിക്ഷേപവും പ്രോത്സാഹിപ്പിക്കുക എന്നത് സർക്കാർ നയമായിക്കഴിഞ്ഞു. ആരും അതിനെ എതിർക്കുന്നുമില്ല. വൻകിട ഐടി സംരഭകരേയും ടൂറിസത്തിൽ നിക്ഷേപമിറക്കാൻ ആഗ്രഹിക്കുന്നവരേയും മോഹിപ്പിക്കുന്ന കാലാവസ്ഥയും ഭൂപ്രകൃതിയുമാണ് മൂന്നാറിലേത്. രാജ്യാന്തരവിമാനത്താവളത്തിലേക്ക് മൂന്ന് മണിക്കൂറിൽ കുറഞ്ഞ സഞ്ചാരദൈർഘ്യമേ ഉള്ളു. അൽഭുതങ്ങളൊന്നും സംഭവിച്ചില്ലെങ്കിൽ മൂന്നാറിന്റെ വഴി ഇതുതന്നെയായിരിക്കും. ഭൂമി കയ്യേറിയ സ്വകാര്യ ശക്തികളിൽ നിന്നും പിടിച്ചെടുത്ത് കുറെക്കൂടി വലിയ മൂലധനശക്തികൾക്ക് ദാനമായോ പാട്ടത്തിനോ നൽകുകയെന്ന ലളിതമായ വിനിമയമാണ് ഇവിടെ സംഭവിക്കാൻ പോകുന്നത്. മൂന്നാറിലും ചുറ്റുമുള്ള പ്രദേശങ്ങളിലുമുള്ള ആദിവാസികൾക്കോ മൂന്നാറിലെ തേയിലത്തോട്ടങ്ങൾ സംരക്ഷിച്ചുകൊണ്ടിരിക്കുന്ന പാവപ്പെട്ട തമിഴ് ഭൂരിപക്ഷമുള്ള ഭൂരഹിത തൊഴിലാളികൾക്കോ ഇതിൽ നിന്നെന്തെങ്കിലും പ്രയോജനം ലഭിക്കുമെന്ന് ആശ്വസിക്കാൻ കാരണങ്ങളൊന്നും കാണുന്നില്ല.

**മൂന്നാർ ഒഴിപ്പിക്കലിന് ശേഷമുള്ള ഭൂമി ലാന്റ് ബാങ്കിൽ നിക്ഷിപ്തമാക്കുകയാണ് സർക്കാർ ചെയ്യുന്നത്. ഈ ഭൂമി എങ്ങനെ വിനിയോഗിക്കപ്പെടും എന്നതിനെ സംബന്ധിച്ച് സുതാര്യത പ്രകടമല്ല എന്നതാണ് ആശങ്കപ്പെടുത്തുന്ന കാര്യം. പാവങ്ങൾക്ക് വിതരണം ചെയ്യുന്നതു സംബന്ധിച്ച് എന്തെങ്കിലും തീരുമാനമാവുന്നതിന് മുമ്പ് തന്നെ മൂന്നാറിൽ വർദ്ധിത ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മാസ്റ്റർപ്ലാൻ വരുന്നു.**

**ഇത്രകൂടി :** മൂന്നാറിലെ സാധാരണക്കാരോട് സംസാരിക്കുമ്പോൾ കേൾക്കുന്ന പൊതുവായ ഒരു കാര്യമുണ്ട്. കയ്യേറ്റഭൂമിയോ പാട്ടഭൂമിയോ എന്തോ ആയിക്കൊള്ളട്ടെ, ഇത്രയും ഭൂമി ടാറ്റയുടെ കയ്യിലായിരുന്നില്ലെങ്കിൽ ഇന്ന് കാണുന്ന മൂന്നാർ പോലും ഇതുപോലെ ഉണ്ടാകുമായിരുന്നില്ല. ഇവിടെ കെട്ടിടങ്ങളും വൻകിട റിസോർട്ടുകളും കൊണ്ട് നിറഞ്ഞേനെ... അവരുടെ വാദത്തെ പ്രതിരോധിക്കാൻ ആയുധങ്ങളില്ല. സർക്കാർ ഭൂമിയിൽ മുറ്റിനിറഞ്ഞുനിൽക്കുന്ന കോൺക്രീറ്റ് കെട്ടിടങ്ങളും കയ്യേറ്റങ്ങളും സാക്ഷി!

